Lalith Babu

# വിവരാവകാശ അപേക്ഷയോടൊപ്പം നിശ്ചിത അപേക്ഷാ ഫീസ് ഇല്ലായെങ്കിൽ ആ വിവരം അപേക്ഷകനെ അറിയിച്ച് ന്യൂനത പരിഹരിക്കാനുള്ള നിർദേശം നൽകണം.

## കത്തിന്റെ മാതൃക

നമ്പർ: ഓഫീസിന്റെ പേര്

തീയതി:

പ്രേഷകൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

...............

സ്വീകർത്താവ്

...............................

സർ,

വിഷയം : വിവരാവകാശ നിയമം–2005 – അപേക്ഷാ ഫീസ് ആവശ്യപ്പെടുന്നത്– സംബന്ധിച്ച്

സൂചന : താങ്കളുടെ ............തീയതിയിലെ അപേക്ഷ

*******

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. വിവരാവകാശ നിയമപ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയോടൊപ്പം അപേക്ഷാ ഫീസ് ഒടുക്കിയതായി കാണുന്നില്ല. നിശ്ചിത ഫീസോടുകൂടിയായിരിക്കണം വിവരാവകാശ അപേക്ഷ സമർപ്പിക്കേണ്ടത് എന്ന് വകുപ്പ് 6(1) ൽ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ അപേക്ഷാഫീസായ 10 രൂപ (പത്ത് രൂപ മാത്രം) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും രീതിയിൽ അടയ്ക്കേണ്ടതാണ്.

1. **10 രൂപ ഈ ഓഫീസിൽ നേരിട്ട് അടച്ച് രശീതി കൈപ്പറ്റാവുന്നതാണ്**
2. **0070-60-118-99 Receipts under RTI Act-2005 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 10 രൂപ ട്രഷറിയിൽ ചലാൻ അടച്ച് ചലാന്റെ അസ്സൽ ഈ ഓഫീസിൽ ഹാജരാക്കാവുന്നതാണ്**
3. **പത്ത് രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് മുഖേന അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്**
4. **ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ മുഖേന അടയ്ക്കാവുന്നതാണ്. ഡിമാന്റ് ഡ്രാഫ്റ്റ്/ബാങ്കേഴ്സ് ചെക്ക്/പേ ഓർഡർ എന്നിവ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാനനിർദേശം ചെയ്തിട്ടുള്ള ഓഫീസറുടെ ഔദ്യോഗിക നാമത്തിലും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തുള്ള ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ശാഖകളിൽ നിന്ന് മാറാവുന്ന വിധത്തിലുമായിരിക്കണം എടുക്കേണ്ടത്.**

താങ്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണെങ്കിൽ ആ കാര്യം തെളിയിക്കാനായി ബന്ധപ്പെട്ട പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി/ബി.ഡി.ഒ നൽകുന്ന സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ്

അപേക്ഷാ ഫീസ്/(ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽ ഉൾപ്പെടുന്നയാളാണെങ്കിൽ ബന്ധപ്പെട്ട സർട്ടിഫിക്കേറ്റ്) ഈ ഓഫീസിൽ ലഭിക്കുന്ന തീയതി മുതൽക്കേ താങ്കളുടെ അപേക്ഷയ്ക്ക് നിയമപ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു.

മേൽ മറുപടിയിൽ അതൃപ്തിയുള്ള പക്ഷം ഈ കത്ത് ലഭിച്ച് 30 ദിവസത്തിനുള്ളിൽ ..............................മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

പേരും ഒപ്പും

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ഫോൺ നമ്പർ & ഇ–മെയിൽ